'CORRUPTION, A CRIME AGAINST NATION'

## വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നടപടിക്രമം.

സാന്നിദ്ധ്യം : ലോക്നാഥ് ബെഹ്റ ഐ.പി.എസ്.,
പോലീസ് ഡയറക്ടർ ജനറൽ,
വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ.

വിഷയം :- വിവരാവകാശ നിയമം 2005 - ചട്ടങ്ങൾക്കനുസൃതമായി അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ സ്ഥാനനിർദ്ദേശം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം :- 1) 2005-ലെ വിവരാവകാശ നിയമം.
2) സർക്കാരിന്റെ 30..10..2006-ലെ 77000/ജി5 – 39709/16 നമ്പർ ഉത്തരവ്.
3) വിജിലൻസ് ഡയറക്ടറുടെ 04..07..2017 തീയതിയിലെ ജി5-39709/2016 നമ്പർ ഉത്തരവ്.
4) ജി.ഒ. (എം.എസ്.)34/വിജ്./2017 തീയതി 21..11..2017.
5) 28..11..2017-ലെ പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്)-ന്റെ സമർപ്പണം.

… … …

### ഉത്തരവ് നം. ആർ.ടി.ഐ. – 40056/17, തീയതി 08 /12/2017.

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ സുതാര്യതയോടും വിശ്വസ്തതയോടും ഉത്തരവാദിത്വത്തോടും കൃത്യതയോടും യഥാസമയം തീർപ്പാക്കുന്നതിലേക്കായി സൂചന (3) പ്രകാരം ഡയറക്ടറേറ്റിലെ പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്)-നെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ I –നെ അപ്പീൽ അധികാരി ആയും, കൂടാതെ ലഭിക്കുന്ന അപേക്ഷകൾക്ക് വിവരങ്ങൾ ശേഖരിച്ച് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കും അപ്പീൽ അധികാരിക്കും കൈമാറുന്നതിനായി വിവിധ സെക്ഷനുകളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥരെ സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലയും നൽകിയിട്ടുണ്ട്.

(തുടർച്ച........2/-)

സൂചന (4)-ലെ സർക്കാർ ഉത്തരവ് പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് I-ലെ ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ തസ്തിക ഡയറക്ടറേറ്റിലേക്ക് മാറ്റി ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഹെഡ് ക്വാർട്ടേഴ്സ്) ആയി നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (5) പ്രകാരം പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) നൽകിയ സമർപ്പണത്തിൻ പ്രകാരം ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ സുഗമമാക്കുന്നതിനായി പുതിയതായി സ്ഥാനമേൽക്കുന്ന ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് (ഹെഡ് ക്വാർട്ടേഴ്സ്)-നെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയും പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്)-നെ അപ്പീൽ അധികാരിയായും നിയമിക്കുന്നു. അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയി അഡ്മിമിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ നിയമിക്കുന്നു

അപ്പീൽ അധികാരി, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ പേര്, ഉദ്യോഗപ്പേര്, ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയവ നിശ്ചിത പ്രൊഫോർമയിൽ ഓഫീസിൽ എഴുതി പ്രദർശിപ്പിക്കുകയും വെബ്സൈറ്റ് ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതാണ്.

ഒപ്പ്
08/12/2017
ഡയറക്ടർ

പകർപ്പ് - 1) ഡയറക്ടർ, എ.ഡി.ജി.പി., പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്) എന്നിവരുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർ, ഐ.ബി. ഇൻസ്പെക്ടർ.

2) മാനേജർ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ, സീനിയർ സൂപ്രണ്ടുമാർ, ജൂനിയർ സൂപ്രണ്ടുമാർ.

ഉത്തരവിൻ പ്രകാരം

വി.എസ്. അജി,
പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്)(i/c)

*എസ്/എക്സ്-1562/11..12*